# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 30.01.2025**

### പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കം. രാഷ്ട്രപതി ദ്രൗപദി മുർമു സംയുക്ത സഭാ സമ്മേളനത്തെ അഭിസംബോധന ചെയ്യും. കേന്ദ്രബജറ്റ് മറ്റന്നാൾ.

2. ബജറ്റിൽ കേരളത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രതീക്ഷിക്കുന്നതായി ധനമന്ത്രി കെ. എൻ ബാലഗോപാൽ.

3. മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ സഹായത്തിന് അർഹരായ ഗുണഭോക്താക്കളുടെ ആദ്യപട്ടിക രണ്ടാഴ്ചക്കുള്ളിൽ പുറത്തിറക്കുമെന്ന് റവന്യൂ മന്ത്രി കെ രാജൻ.

4. 38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ട സ്വർണം. നീന്തലിൽ ഹർഷിതാ ജയറാമും, ഭാരോദ്വഹനത്തിൽ സുഫ്ന ജാസ്മിനും ഇന്ന് സ്വർണം നേടി.

5. കുഷ്ഠരോഗ നിർമാർജ്ജനം ലക്ഷ്യമിടുന്ന 'അശ്വമേധം 6.0 ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കം.

6. ഐ.എസ്.എൽ ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ എഫ്.സി യെ നേരിടും.

***********************************

## സർവകക്ഷിയോഗം

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കം. ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ അഭിസംബോധന ചെയ്യും. 2024-25 കാലയളവിലെ സാമ്പത്തിക സർവ്വേ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ തുടർന്ന് പാർലമെന്റിന്റെ മേശപ്പുറത്ത് വയ്ക്കും. മറ്റന്നാളാണ് കേന്ദ്ര ബജറ്റ്. ശ്രീമതി നിർമല സീതാരാമന്റെ എട്ടാം ബജറ്റ് അവതരണത്തിനാണ് പാർലമെന്റ് ശനിയാഴ്ച വേദിയാവുക. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ ഇന്ന് ചേർന്നു. സമ്മേളനത്തിൽ, സഭാനടപടികൾ സുഗമമാക്കുന്നതിന്, പ്രതിപക്ഷ കക്ഷികളുടെ പിന്തുണ ഉറപ്പുവരുത്താനാണ് യോഗം വിളിച്ചു ചേർത്തത്.

PNU TVPM

***********************************

## കെ. എൻ ബാലഗോപാൽ (ഇൻട്രോ)

കേന്ദ്രബജറ്റിൽ കേരളത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് പ്രതീക്ഷിക്കുന്നതായി ധനമന്ത്രി കെ. എൻ ബാലഗോപാൽ. വയനാടിനും, വിഴിഞ്ഞത്തിനും പ്രത്യേക സാമ്പത്തിക പാക്കേജും സംസ്ഥാനം പ്രതീക്ഷിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനുള്ള മൂലധന നിക്ഷേപ പദ്ധതികളും, തൊഴിൽ പദ്ധതികളും ബജറ്റിൽ ഉൾപ്പെടുത്തണമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനങ്ങളുടെ വായ്പാ പരിധി ഉയർത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

(വോയിസ്)

************************************

## കെ രാജൻ (ഇൻട്രോ)

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ സഹായത്തിന് അർഹരായ ഗുണഭോക്താക്കളുടെ ആദ്യപട്ടിക രണ്ടാഴ്ചക്കുള്ളിൽ പുറത്തിറക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. അടുത്തമാസം തന്നെ രണ്ടാമത്തെ ലിസ്റ്റും പുറത്തിറക്കുമെന്നും മന്ത്രി വയനാട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അതിനു ശേഷവും ജനങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിശോധിക്കും. ദുരന്തത്തിൽപെട്ട ഒരാളെയും സർക്കാർ ഉപേക്ഷിക്കില്ലെന്നും അക്കാര്യത്തിൽ ആശങ്ക വേണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

************************************

## ദേശീയ ഗെയിംസ്

38 -ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ട സ്വർണം. നീന്തൽ 200 മീറ്റർ ബ്രെസ്റ്റ്-സ്ട്രോക്കിൽ ഹർഷിതാ ജയറാമും, 45 കിലോഗ്രാം ഭാരോദ്വഹനത്തിൽ സുഫ്ന ജാസ്മിനുമാണ് കേരളത്തിനായി ഇന്ന് സുവർണ നേട്ടം സമ്മാനിച്ചത്. റഗ്ബിയിലും, വോളിബോളിലും കേരളത്തിന്റെ വനിതാ, പുരുഷ ടീമുകൾ ക്വാർട്ടറിൽ കടന്നു. പുരുഷന്മാരുടെ ഡ്യുവാത്ലോണിൽ കേരളത്തിന്റെ മുഹമ്മദ് റോഷന് നേരിയ വ്യത്യാസത്തിൽ മെഡൽ നഷ്ടമായി. ഖോ-ഖോ പുരുഷ വിഭാഗത്തിൽ ഉത്തരാഖണ്ഡിനെയും, ഫുട്ബോളിൽ മണിപ്പൂരിനെയും കേരളം പരാജയപ്പെടുത്തി. പോയിന്റ് പട്ടികയിൽ 7-ാം സ്ഥാനത്താണ് കേരളം. കർണാടകയും, മണിപ്പൂരും, മഹാരാഷ്ട്രയുമാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.

RNU TVPM

************************************

## പി എം - ഗാന്ധി

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാം രക്തസാക്ഷിത്വ ദിനത്തിൽ രാജ്യത്തിന്റെ സ്മരണാഞ്ജലി. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയ പ്രമുഖ നേതാക്കൾ രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ പുഷ്പചക്രം അർപ്പിച്ചു. സർവമത പ്രാർത്ഥനയും തുടർന്ന് നടന്നു.

************************************

## വീണാ ജോർജ്

സംസ്ഥാനത്ത് നിന്നും കുഷ്ഠരോഗത്തെ പൂർണമായും തുടച്ചുനീക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'അശ്വമേധം 6.0' ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്തു നിർവഹിക്കുകയായിരുന്നു മന്ത്രി. സമൂഹത്തിൽ മറഞ്ഞു കിടക്കുന്ന കുഷ്ഠരോഗത്തെ ഗൃഹ സന്ദർശനത്തിലൂടെ കണ്ടുപിടിച്ച് രോഗനിർണയം നടത്തി ചികിത്സ ലഭ്യമാക്കുകയാണ് അശ്വമേധം കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്ത് ഏറ്റവും കുറവ് കുഷ്ഠരോഗികളുള്ള സംസ്ഥാനം കേരളമാണെന്നും മന്ത്രി പറഞ്ഞു.

RNU TVPM

************************************

## റോഡ് പുനരുദ്ധാരണ പദ്ധതി

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിക്ക് 5 കോടി 55 ലക്ഷം രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു. നേരത്തെ അനുവദിച്ച 807 കോടി 50 ലക്ഷത്തിലേറെ തുകക്ക്

പുറമെയാണിത്. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരളയിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് തുക.

************************************

## എ കെ ശശീന്ദ്രൻ

കണ്ണൂർ ആറളം ചതിരൂരിൽ കണ്ടത് പുലിയാണെന്ന് സ്ഥിരീകരിച്ചതായി മന്ത്രി എ കെ ശശീന്ദ്രൻ. പുലിയെ പിടികൂടുന്നതിനുള്ള നടപടി ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആറു വീതം അംഗങ്ങളുള്ള മൂന്ന് ആർ ആർ ടി സംഘങ്ങൾ ഊർജ്ജിതമായ തിരച്ചിൽ തുടരും. വനത്തോട് ചേർന്ന് താമസിക്കുന്ന 25 കുടുംബങ്ങൾക്ക് വനത്തിന് പുറത്ത് ടാങ്ക് സ്ഥാപിച്ച് വെള്ളമെടുക്കാനുള്ള സൗകര്യം സജ്ജമാക്കുമെന്നും മന്ത്രി പറഞ്ഞു .

RNU TVPM

************************************

## ദേവേന്ദു-മരണം

തിരുവനന്തപുരത്ത് ബാലരാമപുരം കോട്ടുകാൽക്കോണത്ത് രണ്ട് വയസുള്ള കുട്ടിയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കുട്ടിയുടെ അമ്മാവൻ ഹരികുമാറിനെ പോലീസ് അറസ്റ്റ് ചെയ്തു. ചോദ്യം ചെയ്യലിൽ പോലീസിനു മുന്നിൽ ഇയാൾ കുറ്റസമ്മതം നടത്തിയിരുന്നു. കുട്ടിയുടേത് മുങ്ങിമരണമെന്നാണ് പോസ്റ്റ്മോർട്ടത്തിലെ പ്രാഥമിക നിഗമനം.

************************************

## കുംഭമാസ പൂജ

കുംഭമാസ പൂജയോടനുബന്ധിച്ചുള്ള ശബരിമല ദർശനത്തിനായി വിർച്വൽ-ക്യൂ ബുക്കിങ്ങ് ഇന്ന് വൈകുന്നേരം 5 മണി മുതൽ ആരംഭിച്ചു. ഫെബ്രുവരി 12 നാണ് കുംഭമാസ പൂജയ്ക്കായി ക്ഷേത്രനട തുറക്കുക.

*************************************

## ഐ.എസ്.എൽ

ഐ.എസ്.എല്ലിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ എഫ്.സി യെ നേരിടും. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ഒന്നാം ഇന്നിങ്സിൽ ആദ്യ ദിനം കളി നിർത്തുമ്പോൾ ബിഹാറിനെതിരെ കേരളം 9 വിക്കറ്റ് നഷ്ടത്തിൽ 302 റൺസ് എന്ന നിലയിൽ. സൽമാൻ നിസാർ പുറത്താകാതെ നേടിയ സെഞ്ചുറിയുടെ പിൻബലത്തിലാണ് കേരളം ഭേദപ്പെട്ട സ്കോർ നേടിയത്. തിരുവനന്തപുരം ഗ്രീൻ ഫിൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

*************************************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 227 പോയിന്റ് ഉയർന്ന് 76,760 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 86 പോയിന്റ് നേട്ടത്തിൽ 23,249 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില

RNUTVPM

ഉയർന്നു. പവന് 120 രൂപ വർധിച്ച് 60,880 രൂപയും ഗ്രാമിന് 7610 രൂപയുമാണ് ഇന്നത്തെ വില.

***********************************

## ബാലാവകാശ കമ്മീഷൻ

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന പോക്സോ കേസുകളിലെ ഒത്തുതീർപ്പുകൾ ഗൗരവത്തോടെ കാണേണ്ട വിഷയമാണെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ. അതിക്രമത്തിന് ഇരയാകുന്ന കുട്ടികൾ ബാഹ്യസമ്മർദങ്ങൾ കാരണം മൊഴിമാറ്റിപ്പറയുന്നത് കുറ്റവാളികൾ രക്ഷപ്പെടാൻ കാരണമാകുന്നതായും കമ്മീഷൻ അധ്യക്ഷൻ അഡ്വ. കെ വി മനോജ് കുമാർ വ്യക്തമാക്കി. സംസ്ഥാന ബാലാവകാശ കമ്മീഷനും കോഴിക്കോട് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റും ചേർന്ന് വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച് കോഴിക്കോട് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNU/TVPM

***********************************

## ട്രാൻസ്പോർട് മേഖല-തെളിവെടുപ്പ്

സംസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട് മേഖലയിലെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ നിയമിച്ചിട്ടുള്ള ന്യായവേതന കമ്മിറ്റി എറണാകുളം, ഇടുക്കി ജില്ലകൾക്കുള്ള തെളിവെടുപ്പ് ഇന്ന് നടത്തി. എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന തെളിവെടുപ്പിൽ തൊഴിലുടമ പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും തൊഴിലാളികളും പങ്കെടുത്തു.

***********************************

## രമേശ് ചെന്നിത്തല

പാലക്കാട് മദ്യനിർമാണ കമ്പനി ആരംഭിക്കാനുള്ള തീരുമാനത്തിൽ നിന്നും സർക്കാർ പിൻമാറണം എന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. സർക്കാർ ഘടകകക്ഷികളെ വിശ്വാസത്തിലെടുക്കാതെയാണ് തീരുമാനവുമായി മുന്നോട്ട് പോകുന്നതെന്നും, ഇതിൽ അഴിമതിയുണ്ടെന്നും അദ്ദേഹം ആലപ്പുഴയിൽ വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

**************************************

## മനുഷ്യാവകാശ കമ്മീഷൻ

ജിം പരിശീലകർക്ക് മിനിമം വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ച് നാലു മാസത്തിനകം തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്തിമ തീരുമാനമെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ജിം പരിശീലകർക്ക് മാന്യമായി ശമ്പളം നൽകുന്നില്ലെന്നും ഡ്യൂട്ടി സമയം നിശ്ചയിച്ചിട്ടില്ലെന്നും ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

RNU TVPM

**************************************

## സർട്ടിഫിക്കേഷൻ, വീണാ ജോർജ്

സംസ്ഥാനത്തെ 200 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. പുതുതായി 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതോടെയാണ് സംസ്ഥാനത്തിന് ഈ ചരിത്ര നേട്ടം കൈവരിക്കാനായത്.

**************************************

## മന്ത്രി പി രാജീവ്

കേരളത്തിലെ ചെറുപ്പക്കാരുടെ നൈപുണ്യശേഷിയ്ക്ക് അനുയോജ്യമായ വ്യവസായങ്ങൾ തുടങ്ങാൻ നിക്ഷേപകർ തയ്യാറാകണമെന്ന് മന്ത്രി പി രാജീവ്. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയുടെ ഭാഗമായി സംസ്ഥാന വ്യവസായവകുപ്പ് നടത്തുന്ന മലബാർ കോൺക്ലേവ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

************************************

## അങ്കണവാടി

സംസ്ഥാനത്ത് നിർമാണം പൂർത്തീകരിച്ച 30 സ്മാർട്ട് അങ്കണവാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ അടുത്ത മാസം 3 ന് ഓൺലൈനായി നിർവഹിക്കും. വിശാലമായ ശിശു സൗഹൃദ ക്ലാസ്റും, ശുചിമുറികൾ, ആകർഷകമായ പെയിന്റിങ്ങുകൾ, സുരക്ഷിത ഫൈബർ ഫ്ലോറിങ്, കളിപ്പാട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടികളുടെ നിർമാണം പൂർത്തീകരിച്ചിരിക്കുന്നത്.

RNU TVPM

******************************************************

************************************

**********************